ശ്രീ. കെ. കെ. വിശ്വനാഥൻ : ഹൈക്കോടതി വിധിയിന്മേൽ അപ്പീൽ കൊടുത്തുവെന്നുപറഞ്ഞു. അപ്പീൽ കൊടുത്തതിനുശേഷം ഹൈക്കോടതിവിധി സ്റ്റേ ചെയ്യുവച്ചിട്ടുണ്ടോ ; അതു് സ്റ്റേ ചെയ്യുവാൻ ഗവണ്മെൻറു് അപേക്ഷിച്ചിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : സ്റ്റേ ചെയ്തിട്ടില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : 'എ' ചോദ്യത്തിനുള്ള ഉത്തരത്തിൽ ഗവണ്മെൻറു് ഇങ്ങനെയുള്ള തീരുമാനം ഒന്നും എടുത്തില്ലാ എന്നുപറഞ്ഞു. തീരുമാനം എടുക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണമെന്താണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അപ്പീലിന്റെ തീരുമാനം ഉടനെ ലഭിക്കുമെന്നു് തോന്നുന്നില്ല. അതിനധികം കാലതാമസം വരുമെങ്കിൽ സാധാരണഗതിയിൽ മറ്റു നടപടികളും എടുക്കും.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : അപ്പീൽ നിലവിലിരിക്കുന്നു. കോടതി വിധി സ്റ്റേ ചെയ്തിട്ടുമില്ല. ആ സ്ഥിതിക്കു് അടുത്ത അദ്ധ്യയനവർഷം സംവരണാടിസ്ഥാനത്തിൽ അഡ്മിഷൻ കൊടുക്കുവാൻ കഴിയുമെന്നു് ഗവണ്മെൻറു് കരുതുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : അതുകൊണ്ടാണു് അധികം കാലതാമസം ഉണ്ടാകുകയാണെങ്കിൽ ആവശ്യമായ നടപടികളും എടുക്കുമെന്നു പറഞ്ഞതു്.

ശ്രീ. ഈ. പി. ഗോപാലൻ : പ്രൊഫഷണൽ കോളേജുകളിലെ സംവരണാടിസ്ഥാനത്തിലുള്ള അഡ്മിഷൻ ഹൈക്കോടതി റദ്ദു് ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സക്കാർ സുപ്രീംസിലും സംവരണം അവശ്യമില്ലെന്ന ഒരു റിട്ട പെറ്റിഷൻ ഹൈക്കോടതിയിൽ ഇപ്പോഴും നിലവിലുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള ഒരു റിട്ട പെറ്റിഷൻ ഇപ്പോഴും ഹൈക്കോടതിയുടെ മുമ്പിൽ ഉള്ളതായി കേട്ടിട്ടുണ്ടു്. അതിന്മേൽ ഒരു തീരുമാനം വരുമ്പോഴും ആവശ്യമായ നടപടികളും ഗവണ്മെൻറു് എടുക്കും.

ശ്രീ. എ. എ. റഹിം : അടുത്ത അദ്ധ്യയന വർഷത്തിനുമുമ്പു് എന്തെങ്കിലും വ്യക്തമായ ഒരു തീരുമാനമുണ്ടാകുമെന്നു് പ്രതീക്ഷിക്കാമോ ?

ശ്രീ. ആർ. ശങ്കർ : പ്രതീക്ഷിക്കാം.

വിദ്യാഭ്യാസത്തിനു ചെലവാക്കുന്ന തുക

* 45. [9] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസത്തിനുവേണ്ടി, ഇപ്പോൾ ഗവണ്മെൻറു് ആണ്ടിനാൽ എത്ര തുക ചെലവാക്കുന്നുണ്ടു് ; ഇതു് സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ എത്ര ശതമാനമാണു് ;

(ബി) വർദ്ധിച്ചുവരുന്ന വിദ്യാഭ്യാസച്ചെലവുകളും കുറെയെങ്കിലും നികത്തുന്നതിനു് "വിദ്യാഭ്യാസ സെസ്സു്" ഏർപ്പെടുത്താൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) കഴിവുള്ളവരിൽനിന്നും ഫീസീടാക്കുന്നതിനു് നടപടി കൈക്കൊള്ളുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1963–64–ൽ വിദ്യാഭ്യാസത്തിനുവേണ്ടി 22,29,16 100 രൂപ കൊള്ളിച്ചിട്ടുണ്ടു്. അതു് ഒട്ടാകെയുള്ള വരുമാനത്തിന്റെ 31 ശതമാനമാണു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ ഉദ്ദേശമില്ല.

(സി) വിദ്യാഭ്യാസം സൗജന്യമാക്കിയിട്ടുള്ള സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നു് ഫീസു് ഈടാക്കുവാൻ ഉദ്ദേശമില്ല.

ശ്രീ. കെ. എം. ജോർജു് : വിദ്യാഭ്യാസം സൗജന്യമാക്കിയിട്ടുള്ള സ്റ്റാൻഡേർഡുകളിൽ ലക്ഷക്കണക്കിനു രൂപ വരവുള്ള ആളുകളുടെ കുട്ടികളും പഠിക്കുന്നുണ്ടു്. അങ്ങനെയുള്ള ആളുകളിൽനിന്നു് ഫീസു് ഈടാക്കുന്നതിനു് എന്തു ബുദ്ധിമുട്ടാണുള്ളതെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതിനുള്ള തടസ്സം ഈ സഭതന്നെയാണെന്നാണു് എനിക്കു തോന്നുന്നതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഫീസു കൊടുക്കുവാൻ മനസ്സുള്ളവരിൽ നിന്നു് ഫീസു് ഈടാക്കുവാൻ ഒരുത്തരവു കൊടുക്കാമോ ?

ശ്രീ. ആർ. ശങ്കർ : അതു് വളരെയധികം അഴിമതിക്കു് കാരണമാകും എന്നുള്ളതുകൊണ്ടു് സ്വീകരിക്കുവാൻ നിവർത്തിയില്ല.

സ്വർണ്ണപ്പണിക്കാരുടെ സഹകരണ സംഘങ്ങൾ

* 46. [10] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോൾഡു് കൺട്രോൾ ഓർഡർ ഉൾപ്പെടുത്തിൽ വന്നശേഷം കേരളത്തിൽ സ്വർണ്ണപ്പണിക്കാരുടെ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടു് ;

(ബി) അതിൽ എത്ര എണ്ണം രജിസ്റ്റർചെയ്തുകൊടുത്തു ;

(സി) സ്വർണ്ണപ്പണിക്കാരുടെ എത്ര സഹകരണ സംഘങ്ങൾക്കു് ഗവണ്മെൻറു് ഇതിനകം ഗ്രാൻറും വായ്പയും കൊടുത്തിട്ടുണ്ടു് ;

(ഡി) ഈ വകയിൽ ഗവണ്മെൻറു് ആകെ എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

(ബി) 15 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തുകൊടുത്തു. ബാക്കിയുള്ളവ പരിശോധനയിൽ ഇരിക്കുകയാണു്.

(സി) കിട്ടിയിടത്തോളം അപേക്ഷകൾ സ്വീകരിച്ചു. ഗ്രാൻറും, വായ്പയും കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ഡി) ഇതേവരെ ഒരു സംഘത്തിനും ഗ്രാൻറും, വായ്പയും കൊടുത്തിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പല സ്റ്റേറ്റുകളിലും സ്വർണ്ണപ്പണിക്കാരുടെ സഹകരണസംഘങ്ങൾക്കു് ഗ്രാൻറും, വായ്പയും കൊടുത്തിട്ടുണ്ടു്. ഇവിടെ ഇതേവരെ അപ്രകാരമൊന്നും കൊടുക്കാതിരിക്കുവാൻ കാരണമെന്താണെന്നു പറയാമോ ? മറ്റു സംസ്ഥാനങ്ങളിൽ സൊസൈറ്റികൾ ഉണ്ടാക്കി അവയ്ക്കു് ഗ്രാൻറും, ലോണും കൊടുത്തതിനുപുറമെ മറ്റു വിധത്തിലുള്ള സഹായങ്ങളും സ്വർണ്ണപ്പണിക്കാർക്കു് ചെയ്തുകൊടുത്തിട്ടുണ്ടു്. അപ്രകാരമുള്ള നടപടികൾ ഇവിടെയും എടുക്കാതിരിക്കുന്നതിനു കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly